ഓർമ്മക്കുറിപ്പുകൾ – 2

# ഓർമ്മകൾ തുടങ്ങുന്നതിവിടെ നിന്ന്

പ്രൊഫഃ എം. ടി. ആൻറണി



ത്രുശ്ശൂർ എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന എൻെറ ജന്മദേശം ത്രി ശിവ പേരൂർ എന്ന മൂന്നു പദങ്ങൾ ലോപിച്ചുണ്ടായതാണു. മൂന്നു ശിവക്ഷേത്രങ്ങളാൽ അനുഗ്രഹീതമായ പ്രദേശമെന്നർത്ഥം ശിവന്മാരുടെ അമ്പലങ്ങൾ ഉള്ളത്കൊണ്ട് ഒരു ഹിന്ദു സമൂഹ മേൽകോയ്മയൊന്നും അവിടെയില്ല. അന്നും ഇന്നും എല്ലാ ജാതി മതസ്ഥരും അവിടെ വാഴുന്നു. എൻെറ കുട്ടിക്കാലത്തെ സമൂഹത്തിനെ സോദരത്വേന വാഴുന്ന എന്നു പൂർണ്ണമായി വിശേഷിപ്പിക്കാൻ കഴിയില്ലെങ്കിലും സവർണ്ണരുടെ ”ഹോ ഹോ“ വിളികൾ കുറവായിരുന്നു. ഒരു ജാതിവ്യവസ്ഥയുടെ ദൂഷ്യഫലങ്ങൾ അവിടെ നിലനിന്നതായി അറിവില്ല. ഒരു പക്ഷെ താഴ്ന്ന ജാതിക്കാരുടെ എണ്ണക്കുറവോ അല്ലെങ്കിൽ അവർ സവർണ്ണരുടെ വഴിയിൽ പ്രത്യ്ക്ഷ്യപ്പെടാതിരുന്നതോ ആയിരിക്കാം കാരണം. ക്രുസ്തുമതത്തിൽ ചേർന്നവർക്ക് അവരുടെ പൂർവ്വിക ജാതി എന്തു തന്നെയായാലും തീണ്ടലും തൊടീലും ഉണ്ടായിരുന്നില്ല. നാനാ ജാതി മതസ്ഥരും കുബേര-കുചേല വ്യത്യാസങ്ങളും ഉണ്ടായിരുന്നിട്ടും ശാന്തിയുടേയും സമാധാനത്തിൻേറയും സുരക്ഷിതബോധം അക്കാലത്ത് എവിടെയും കാണാമായിരുന്നു. എല്ലാവർക്കും തമ്മിൽ തമ്മിൽ ഒരു ഭ്രാത്രുസ്നേഹം ഉണ്ടായിരുന്നു. ജാതിയും മതവും നോക്കാതെ ബഹുമാനപൂർവ്വം മൂത്തവരെ ‘ചേട്ടാ“ എന്ന് വിളിക്കുന്നത് ത്രുശ്ശൂരിൽ മാത്രമായിരിക്കും. മറ്റ് സ്ഥലങ്ങളിൽ ഞാൻ മനസ്സിലാക്കുന്നത് ഒരു “സാർ” വിളിയാണ്. ശ്രീ പി.കുഞ്ഞിരാമൻ നായരുടെ നാലു വരി കവിത ഓർമ്മിച്ചുപോകുന്നു.

ക്രൈസ്തവ മന്ദിര പ്രാർത്ഥനാഗീതവും

ജോനകപ്പള്ളിതൻ ബാങ്കുവിളികളും

പൊന്നമ്പലങ്ങൾതൻ ശംഖനിനദവു-

മൊന്നായി വൈഭാതമംഗളഗാനമായ്

ഞാൻ എന്റെ ജന്മനാടു വിട്ടുപോന്നിട്ടു അരനൂറ്റാണ്ടിലേറെ കാലമായി. അമേരിക്കയിൽ വരുന്നതിനു മുമ്പ് ചെന്നയിൽ (അന്നത്തെ മദ്രാശി) ചിലവഴിച്ചതുൾപ്പെടെ എന്റെ പ്രവാസ ജീവിതം ദീർഘമേറിയതാണു്. ഏവിടെയായിരുന്നാലും ജന്മനാടിന്റെ ഓർമ്മകൾ ഒരാളിൽ എപ്പോഴും സജീവമായിരിക്കും. കഴിഞ്ഞ കാലങ്ങളിലേക്ക് ഇങ്ങനെ വെറുതെ ഒന്ന് കണ്ണോടിക്കുമ്പോൾ ഓർമ്മകൾ ഉണരുകയാണു. അവ കുത്തിക്കുറിക്കുമ്പോൾ പോയ കാലത്തേക്ക് വാസ്തവത്തിൽ ഒരു യാത്ര തരപ്പെടുകയാണു ത്രുശ്ശൂരിനെക്കുറിച്ച് ഏറെ പറയാൻ ഉണ്ടെങ്കിലും എല്ലാം വിവരിക്കുക എളുപ്പമല്ല. എല്ലാം വിശദമായി വിവരിക്കുന്നതിനെക്കാൾ എല്ലാം ഒന്ന് സ്പർശിച്ച് പോകുന്നതായിരിക്കും വായനക്കാർക്ക് ആസ്വാദ്യകരമാകുകയെന്ന് ഞാൻ കരുതുന്നു.

ഭാരതത്തിനു സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പു രാജാ രാമവർമ്മ എന്ന ശ്കതൻ തമ്പുരാൻ രാജാവായിരുന്നപ്പോൾ അദ്ദേഹം തന്റെ രാജധാനി കൊച്ചിയിൽ നിന്നും ത്രുശ്ശൂരിലെക്ക്  മാറ്റുകയുണ്ടായി. തന്നേയുമല്ല ത്രുസ്സൂർ പട്ടണത്തിന്റെ വളർച്ചയും പുരോഗതിയും അദ്ദേഹം വളരെ ആത്മാർഥതയോടെ നിർവ്വഹിച്ചു. കച്ചവടം ചെയ്യുന്നതിനായി സിറിയൻ കാതോലിക്കരെ അദ്ദേഹം ത്രുസ്സൂരിലെക്ക് കൊണ്ട് വന്നുവെന്നും അവർക്ക് വേണ്ട സഹായ സഹകരണങ്ങൾ നൽകിയെന്നും ചരിത്രം പറയുന്നു.  പുരോഗതിക്ക് തടസ്സമായി നിൽക്കുന്ന ഒരു വിശ്വാസത്തിനും അദ്ദേഹം പ്രാധാന്യം കൽപ്പിച്ചിരുന്നില്ല. തേക്കിൻകാട് മൈതാനം വെട്ടി തെളിയിച്ചത് അദ്ദേഹമാണു. വേലക്കാർ തേക്കിൻമരങ്ങൾ അരിഞ്ഞ് വീഴ്ത്തുമ്പോൾ അതിൽ അസഹിഷ്ണത പൂണ്ടവർ പാറമേക്കവ് ക്ഷേത്രത്തിൽ പോയി പ്രാർഥിക്കുകയും അത് കേട്ട് അവിടത്തെ വെളിച്ചപ്പാട്  വാളും കയ്യിൽ പിടിച്ച് തുള്ളിക്കൊണ്ട് അലറി വന്നു ഇങ്ങനെ കൽപ്പിക്കുകയും ചെയ്തു " ഇത് അമ്മയുടെ ജടയാണു, ഇത് വെട്ടരുത്. വേലക്കാർ ഭയത്തോടെ ജോലി നിർത്തി. വിവരം അറിഞ്ഞ് വന്ന ശക്തൻ തമ്പുരാൻ വെളിച്ച്പ്പാടിന്റെ തല അയാൾ കയ്യിൽ പിടിച്ചിരുന്ന വാളു കൊണ്ട് വെട്ടി വേർതിരിച്ചതിനു ശേഷം, വേലക്കാരോട് അവരുടെ ജോലി തുടരാൻ ആജ്ഞ നൽകിയെന്നുമുള്ള കഥകൾ എന്റെ കുട്ടിക്കാലത്ത് ഞാൻ വിസ്മയത്തോടെ കേട്ടിരുന്നിട്ടുണ്ട്.

ജോസ് കാട്ടൂക്കരൻ എന്നൊരാളാണു കേരളത്തിൽ ആദ്യമായി ചലിക്കുന്ന ഒരു ചിത്രം പ്രദർശിപ്പിച്ചത്. ആ പ്രദർശനം തേക്കിൻ കാട് മൈതാനത്ത് വച്ചായിരുന്നു. പിന്നീട് അദ്ദേഹം ജോസ് എന്ന പേരിൽ സിനിമ തിയ്യേറ്റർ സ്ഥാപിച്ചു. ഒരു പക്ഷെ കേരളത്തിലെ ആദ്യ ചലച്ചിത്ര പ്രദർശനശാലയായിരിക്കും അതെന്നു ഞാൻ വിശ്വസിക്കുന്നു. മലയാളത്തിനു വെള്ളിമെഡലും, സ്വർണ്ണമെഡലും നേടികൊടുത്ത രണ്ടു മലയാളചിത്രങ്ങളും സംവിധാനം ചെയ്തത് ത്രുശ്ശൂർക്കാരനായിരുന്നു.

ഏൻെറ ബാല്യ-യൗവ്വന കാലഘട്ടത്തിൽ അതൊക്കെ വളരെ ആവേശം പകർന്ന വർത്തകളായിരുന്നു.

പ്രക്രുതി രമണീയമായിരുന്നു എൻെറ ഗ്രാമവും പരിസരങ്ങളും. ഗ്രാമീണ സൗന്ദര്യത്തിൻെറ തുടിപ്പുകൾ ചുറ്റിലും നിറഞ്ഞ് നിന്നു. ചുമലിൽ കരിയേന്തി കാളകളെ മുന്നിൽ നടത്തി പോകുന്ന അർദ്ധ നഗ്നനായ കർഷകൻ, വിശലമായ നെൽപ്പാടങ്ങൾ, മരങ്ങൾ തിങ്ങിയ തൊടികൾ, കാറ്റിൽ ഉലയുന്ന തെങ്ങോലകളുടെ സംഗീതം.ഇത്തരം നിത്യദ്രുശ്യങ്ങൾ കാണുകയും അതാസ്വദിക്കുകയും ചെയ്യുമ്പോൾ നമ്മളിൽ സഹ്രുദയത്വം വിരിയുന്നു. കലയും സാഹിത്യവും അപ്പോൾ കൂടുതൽ ആനന്ദകരമാകുന്നു. കവിയെ ഓർമ്മയില്ല, പക്ഷെ വരികൾ ഓർക്കുന്നു. കർഷകൻെറ മുന്നിൽ നടക്കുന്ന കാളകളുടെ ചിത്രം കവി ഭാവനയിൽ

മൂളിപ്പാട്ടും നുകവും കലപ്പയു,

തോളിലേന്തും കർഷകൻെറ മുന്നിലായ്

പാടമെല്ലാമുഴുതുമറിക്കുവാൻ

താടയാട്ടി നടക്കുമക്കാളകൾ

കൊടുങ്ങല്ലൂർക്കാരനായ കവി "നാളികേരത്തിൻെറ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണു" എന്നെഴുതിയപ്പോൾ മലയാളികൾ അത് കേരളത്തെപ്പറ്റിയാണെന്നു വിശ്വസിച്ചെങ്കിലും ഞാൻ അത് എൻെറ ത്രുശ്ശൂരിനെപ്പറ്റിയാണെന്നഹങ്കരിച്ചു. അതെപോലെ പാടം പച്ചച്ച പാവാടയിട്ടപ്പോൾ എന്ന വരികൾ എൻെറ ഗ്രാമ പരിധിക്കുള്ളിലെ വിശാലമായ നെൽപ്പാടങ്ങളെയാണെന്നും കരുതുക എൻെറ ഒരു സ്വകാര്യ സുഖമായിരുന്നു. വികസിക്കാൻ വെമ്പുന്ന ഒരു കവിഹ്രുദയം എൻെറ മനസ്സിലും ഉണ്ടായിരിന്നിരിക്കണം. ഞാനും എൻെറ കുട്ടിക്കാലത്ത് " മുരുക്കും തയ്യേ നിന്നുടെ ചോട്ടിൽ മുറുക്കി തുപ്പിയതാരാണെന്ന് " ചോദിച്ച് അത്ഭുതം കൂറിനിന്നിട്ടുണ്ട് പല വട്ടം.

യേശുനാഥൻെറ ശിഷ്യന്മാരിൽ ഒരാളായ തോമസ്സ് കൊടുങ്ങല്ലൂരിൽ വന്നുവെന്നും അവിടെയുള്ള നമ്പൂതിരിമാരെ മതം മാറ്റി ക്രുസ്ത്യാനികളാക്കിയെന്നും വിശ്വസിച്ച് വരുന്നുണ്ട്. ത്രുശ്ശൂരിലെ പുരാതന കാത്തോലിക്ക കുടുംമ്പങ്ങളിൽ വളരെ പ്രചാരമുള്ള ഒരു സംസാരമാണു " തോമാശ്ലീഹ അന്തിയുറങ്ങിയ തറവാടാണു അവരുടേതെന്ന്.'. ത്രുശ്ശൂരിലെ ജനസംഖ്യയിൽ ഭൂരിപക്ഷം ഹിന്ദുക്കളായിരുന്നെങ്കിലും അവരിൽ കൂടുതൽ ഈഴവ സമുദായക്കാരായിരുന്നു. മറ്റ് ജില്ലകളെ അപേക്ഷിച്ച് ഇവിടെയുള്ള ഈഴവരിൽ ഭൂരിഭാഗവും ,വൈദ്യന്മാരും, വാദ്ധ്യാന്മാരും ക്രുഷിഭൂമിയുള്ളവരും ക്രുഷിക്കാരുമായിരുന്നു. ഏനിക്ക് ഓർമ്മ വക്കുമ്പോൾ ക്ഷേത്രപ്രവേശന വിളമ്പരമൊക്കെ നടന്നു കഴിഞ്ഞതിനാൽ സ്വാമി വിവേകാനന്ദൻ പറഞ്ഞ ഭ്രാന്താലയം ഞാൻ കണ്ടിട്ടില്ല. അല്ലെങ്കിലും മേലെ സൂചിപ്പിച്ചപോലെ ത്രുശ്ശൂരിൽ അങ്ങനെയൊരു അനാചാരത്തിൻെറ കോമരങ്ങൾ തുള്ളി നടന്നിരുന്നില്ലെന്ന് വേണം കരുതാൻ. ത്രുശ്ശൂരിനെ കേരളത്തിൻെറ സാംസ്കാരിക കേന്ദ്രം എന്നു വിളിക്കുന്നത്

എത്രയോ ശരിയാണു. ഒരു പക്ഷെ പ്രബുദ്ധരായ ഒരു ജനത അവിടെ പണ്ടു മുതൽക്കെ താമസിച്ചിരുന്നത്കൊണ്ടാകാം അങ്ങനെയൊരു മഹിമ കൈവന്നത്.. ചരിത്രത്തിൻെറ താളുകളിൽ ത്രുശ്ശൂരിനു പ്രമുഖമായ ഒരു സ്ഥാനം കൊടുത്തിട്ടുള്ളത് കാണുന്നു. മഹാനായ അശോക ചക്രവർത്തിയുടെ ശിലാലിഖിതങ്ങളിൽ ത്രുശ്ശൂരിനെപ്പറ്റി പരാമർശമുണ്ട്. കൂടാതെ നാഗരികതയുള്ള ഒരു ജനത അവിടെ ശിലായുഗത്തിൻെറ ആരംഭം മുതൽ താമസിച്ചിരുന്നതിനു തെളിവുകൾ കാണുന്നു. സാംസ്കാരിക കേന്ദ്രം എന്ന പേരിനർഹമാകുംവിധം കേരള സാഹിത്യ അക്കാദമി, കേരള ലളിത കല അക്കാദമി, കേരള സംഗീത നാട്ക അക്കദമി എന്നിവ ഇവിടെ പ്രവർത്തിച്ച് വരുന്നു. മതസൗഹാർദ്ദത്തിൻെറ ശിലാരൂപം പോലെ സൗത്ത് ഏഷ്യയിലെ ഏറ്റവും വലിയ പുത്തൻപള്ളി  ഇവിടെ സ്ഥിതി ചെയ്യുന്നു. ത്രുശ്ശൂരിലെ പാലയൂരിൽ സ്ഥിതി ചെയ്യുന്ന  സെൻറ് തോമസ് പള്ളിയാണു ഇന്ത്യയിലെ ആദ്യത്തെ ക്രുസ്ത്യൻ പള്ളി.

2013 ലെ കണക്കനുസരിച്ച് ത്രുശ്ശൂരിലെ  സാക്ഷരത നിരക്ക് 95.5% ആയിരുന്നു. അതിൽ പുരുഷന്മാർ 97% സ്ത്രീകൾ 94.6% ആണ്. മലയാളം കൂടാത്രെ തമിൾ, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളും ഭാരതത്തിലെ മിക്ക പ്രാദേശിക ഭാഷകളും സംസാരിക്കാൻ കഴിവുള്ളവർ ഇവിടെ താമസിക്കുന്നു. ജൂത  മതവും, ക്രുസ്തു മതവും,  ഇസ്ലാം മതവും ഭാരതത്തിൽ എത്തിയത് ത്രുശ്ശൂരിൽ കൂടിയായിരുന്നു. ത്രുശ്ശൂരിനടുത്തുള്ള മുസീരസ് (ഇന്നത്തെ കൊടുങ്ങല്ലൂർ) തുറമുഖം ഭാരതവുമായുള്ള കച്ചവടത്തിനു വിദേശികളെ ആകർഷിച്ചു. ഭാരതത്തിൻെറ സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിൽ ത്രുശ്ശൂർ പുരാതന കാലം മുതൽക്കെ പ്രമുഖ സ്ഥാനം വഹിച്ച് പോന്നു. വാസ്തവത്തിൽ ഇതെല്ലാം ഒരു പ്രവാസിയുടെ ഗ്രുഹാതുരത്വമുണർത്തുന്ന ഓർമ്മകളാണു. മുഖം മൂടിയണിയാത്ത ഗ്രാമസൗന്ദര്യം നഷ്ടപ്പെട്ടുപോയി. സസ്യശ്യാമളകോമള കേരളം ഇന്നുണ്ടോ? സ്വന്തം ജന്മദേശത്തിൻെറ അപദാനങ്ങൾ  അധികം പാടാതെ കുടുമ്പ വിശേഷത്തിലെക്ക് കടക്കട്ടെ.

എൻെറ തറവാട്ടു പേരു് "മെക്കാട്ടുകുളം" എന്നാണു. ആ പേരിൽ ത്രുശ്ശൂരിൽ നമ്പൂതിരി കുടുംമ്പങ്ങൾ ഉണ്ട്. ത്രുശ്ശൂരിലെ പ്രസിദ്ധമായ വിഷവൈദ്യന്മരുടെ വീട്ടുപേരു് മെക്കാട്ടു എന്നാണു. പാമ്പിൻെറ വിഷമിറക്കുന്നവരായത്കൊണ്ട് അവരെ പാമ്പ് മെക്കാട്ടു എന്ന് വിളിക്കപ്പെടുന്നു.. അവർ നമ്പൂതിരിമാരാണു. അവരുടെ ഇല്ലം കൊടുങ്ങല്ലൂരിലാണു. നമ്പൂതിരി തറവാടുമായി ഒരു ബന്ധം സ്ഥാപിക്കാനല്ല ഇത്രയും പറഞ്ഞത്. ഞ്ങ്ങളുടെ പൂർവ്വികർ ക്രുസ്തുമത വിശ്വാസികളായതിനു ശേഷം കുടുമ്പ വ്രുക്ഷത്തിൻെറ വേരന്വേഷിച്ച് പോകാനോ അല്ലെങ്കിൽ ഒരു സവർണ്ണ  പാരമ്പര്യം അവകാശപ്പെടാനൊ പോയിട്ടില്ല. ഇടശ്ശേരിയുടെ കവിതയിൽ പറയുമ്പോലെ " ഇത്തറവാടിത്ത ഘോഷണത്തെപോലെ വ്രുത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ"  എന്ന് നല്ല പോലെ അറിയുന്ന ഞാൻ അത്തരം ഘോഷണങ്ങൾക്ക് ഇവിടെ മുതിരുന്നില്ല.

സമൂഹത്തിൽ നില  നിന്നിരുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എൻെറ പൂർവ്വികർ എതിരായിരുന്നു എന്ന് ഞാൻ അഭിമാനത്തോടെ ഓർക്കുന്നു. ഏൻെറ വലിയ വല്യപ്പൻ വാറൻ എന്ന വാറപ്പൻ വളരെ ധൈര്യശാലിയും ശരിയായ

തീരുമാനങ്ങൾ എടുക്കുന്നതിൽ ആരേയും ആശ്രയിക്കത്ത വ്യക്തിത്വത്തിൻെറ ഉടമയുമായിരുന്നു. വല്യപ്പൻ ത്രുശ്ശൂരിൽ വീട് വക്കുന്ന സമയം വീടിൻെറ സ്ഥാനം ശരിയല്ല വീടിൻെറ ഏതൊ ഭാഗത്ത് കൂടി ഒരു "തേർവാഴ്ച്ച" (തേർവാഴ്ച്ച എന്ന് പറയുന്നത് ഏതെങ്കിലും ഭൂതങ്ങളുടെ സ്വൈര്യ വിഹാരം എന്നർഥം) പതിവുണ്ട് അതു കോണ്ട് ആ ഭാഗം ഒഴിച്ചിട്ടെ വീടു പണിയാവൂ എന്ന് ആശാരിയും ചുറ്റുവട്ടത്തുമുള്ളവരും പറഞ്ഞു. അത്തരം സംഭവങ്ങൾ അന്നത്തെ യാഥാസ്ഥികരായ മനുഷ്യരെ കിടിലം കൊള്ളിക്കുന്നവയായിരുന്നു. എന്നാൽ എൻെറ വല്യപ്പൻ വളരെ അഭിമാനപൂർവ്വം എഴുതട്ടെ ആ വാർത്തക്ക് യാതൊരു പ്രാധാന്യവും നൽകിയില്ലെന്നല്ല ആശാരിയോട് പണി മുമ്പ് നിശ്ചയിച്ച്പോലെ തന്നെ തുടരാൻ കൽപ്പിക്കയും ചെയ്തു. വീടു പണി കഴിഞ്ഞിട്ടും വീട്ടിലുള്ളവർക്ക് നേരിയ ഭയമുണ്ടായിരുന്നത് അറിയുന്ന വല്യപ്പൻ അവരെ സമാധനിപ്പിക്കയും ഇത്തരം കഥകൾ ശുദ്ധ അസമ്പന്ധമാണെന്നു അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. ഏന്നാൽ വല്യപ്പനേയും വീട്ടിലെ മറ്റ് അംഗങ്ങളേയും അത്ഭുതപ്പെടുത്തിക്കൊണ്ട് വല്യപ്പൻെറ മൂത്ത മകൻെറ കുട്ടിക്ക് അസുഖം വന്നു. ദേഹം നീല നിറമാകുകയും കുട്ടി ശാരീരിക അസ്വാസ്ഥങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. അത് വീടിരിക്കുന്ന സ്ഥലത്ത്കൂടിയുള്ള ഭൂതത്തിൻെറ വഴി മുടക്കിയതിനുള്ള ശിക്ഷയാണെന്നു വീട്ടിൽ എല്ലാവരും കരുതി ഭയന്നു. കുട്ടിക്ക് നല്ല ഡോക്ടർമാരെ കാണിച്ച് ചികിത്സ ഏർപ്പെടുത്തിയ വല്യപ്പൻ യേശുനാഥനോട് ് തൻെറ പ്രാർഥന തുടർന്നുകൊണ്ടിരുന്നു. നാടൻ മന്ത്രവാദികളെ വരുത്തി പൂജയും ഹോമവുമൊക്കെ പലരും നിർദ്ദേശിച്ചെങ്കിലും വല്യപ്പൻ അത്തരം തട്ടിപ്പുകളിൽ വിശ്വസിച്ചിരുന്നില്ല. യേശുനാഥൻ ഭൂമിയിൽ വച്ച് കാണിച്ച ഒത്തിരി അത്ഭുതങ്ങളെ കുറിച്ച് അറിയുകയും അതിൽ ഉറച്ച് വിശ്വസിക്കുകയും ചെയ്ത വല്യപ്പൻ മുട്ടിപ്പായി ദൈവത്തോട് പ്രാർഥിച്ചു ഒപ്പം ചികിത്സാ വിധികളും തുടർന്നു. വീട്ടിൽ പലർക്കും മുറു മുറുപ്പും നീരസവും ഉണ്ടയെങ്കിലും വല്യപ്പനെ മറി കടന്നു ഒന്നും ചെയ്യാൻ ആർ ക്കും ധൈര്യം വന്നിരുന്നില്ല. വീട്ടിലെ തലമൂത്ത കാരണവരോടുള്ള ബഹുമാനം ഞങ്ങളുടെ കുടുമ്പത്തിൻെറ ഒരു ആഭരണമായിരുന്നു. ഗുരുത്വം എന്നു ആർഷഭാരതം ഘോഷിക്കുന്ന നന്മ ഞങ്ങൽ മെക്കാട്ടു കുടുമ്പക്കാർ അക്ഷരം പ്രതി പരിപാലിച്ച് വന്നു. പ്രാർഥനയും ചികിത്സയും ഒപ്പം നടന്നുകൊണ്ടിരിക്കെ കുട്ടിക്ക് അസുഖം ഭേദമായി. ഏല്ലാവർക്കും സന്തോഷം ആയി. അതോടൊപ്പം യേശുദേവനിലുള്ള വിശ്വാസം കൂടുതൽ ബലപ്പെടുകയും അങ്ങനെ അനാവശ്യമായ അന്ധവിശ്വസങ്ങളിൽ കുടുങ്ങാതെ ഉത്തമ കത്തോലിക്ക വിശ്വാസികളായി ഞങ്ങളുടെ കുടുമ്ബ്ക്കാർ ജീവിതം തുടരുകയും ചെയ്തു. ആ തറവാട്ടിൽ എൻെറ അപ്പനടക്കം എത്രയോ തലമുറകൾ പിറന്ന് വീണു.

ഏൻെറ ബാല്യ-കൗമാരങ്ങളിൽ അമ്മയുമൊത്ത് തറവട്ടിൽ ചെല്ലുമ്പോൾ ആരെങ്കിലുമൊക്കെ ആ തേർവാഴ്ച്ചയുടെ കഥയും വല്യപ്പൻ അതിൽ വിശ്വസിക്കാതെ സ്വന്തം കാര്യങ്ങൾ അതിൻെറ മുറ പോലെ നിർവ്വഹിച്ചതും പറയുന്നത് കേൾക്കുമായിരുന്നു. ഏൻെറ കുഞ്ഞ്മനസ്സിൽ ആ തേർവാഴ്ച്ച ഒന്നു കാണണെമെന്നൊക്കെ തോന്നാറുണ്ട്. ഏനിക്ക് അമ്മയോട് വളരെ സ്നേഹമായിരുന്നത് കൊണ്ട് ആ കാര്യം ചിലപ്പോൾ അമ്മയോട് പറയും. അമ്മ അത്

കേൾക്കുമ്പോൾ ചിരിക്കുകയും പിന്നെ ശാസിക്കുകയും ചെയ്യും. അങ്ങനെ ഓരോന്ന് ആലോചിച്ച് ഞാൻ പേടിക്കുമോ എന്ന ആശങ്കയായിരുന്നു അമ്മക്ക്. അത്തരം ചിന്തയുണ്ടാകുമ്പോൾ എൻെറ കഴുത്തിലെ കൊന്തയിൽ പിടിച്ച് ഈശോയെ മനസ്സിൽ ധ്യാനിക്കണം എന്നു അമ്മ പറയും. ആ ഉപദേശം പിന്നീടുള്ള എൻെറ ജീവിതത്തിൽ വലിയ സഹായകമായി. അമ്മ വളരെയധികം ദൈവ വിശ്വാസവും അപ്പനെ ആരാധനയോടെ കാണുകയും ചെയ്യുന്ന ഒരു ഉത്തമ സ്ത്രീ ആയിരുന്നു. വീട്ടിൽ ഞങ്ങൾ ആറു സഹോദരങ്ങളായിരുന്നു. മൂന്ന് ചേട്ടന്മാർ രണ്ടു അനിയത്തിമാർ. ആൺകുട്ടികളിൽ ഇളയതായ എനിക്ക് ചില പരിഗണനകളൊക്കെ അമ്മ തന്നിരുന്നു. പഠിക്കാൻ വളരെ സാമർഥ്യം ഞാൻ കാണിച്ചിരുന്നത് കൊണ്ട് എനിക്ക് ഉയർന്ന വിദ്യാഭ്യാസം തരാൻ അപ്പൻ പ്രത്യേകം ശ്രദ്ധിച്ചു. നല്ല മാർക്കുകളുടെ മികവുകളോടെ ഞാൻ സ്കൂൾ ഫൈനൽ പാസ്സായി. ത്രുശ്ശൂരിലെ പ്രസിദ്ധമായ സെൻറ് തോമസ് കോളേജിൽ ഞാൻ വിദ്യാർത്ഥിയായി. എൻെറ ജീവിതത്തിലെ പല പ്രധാന സംഭവങ്ങൾക്കും ഈ കലാലയം സാക്ഷിയായി. ശ്രീ മുണ്ടശ്ശേരി മാഷുമായുള്ള എൻെറ കൂടിക്കാഴ്ച്ചയും അതിനു ശേഷം ഞങ്ങൾ തമ്മിൽ ഉടലെടുത്ത ബന്ധവും അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം. (തുടരും)

**അടുത്ത ലക്കത്തിൽ**

## മുണ്ടശ്ശേരി മാഷ് എൻെറ ഗുരു